<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1614**</u> <u>**08-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**കാർഷിക രംഗത്ത് ഇറിഗേഷൻ പദ്ധതികളുടെ പ്രയോറിറ്റി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക രംഗത്ത് പരസ്പര പൂരകങ്ങളായിരിക്കേണ്ട കാർഷിക വകുപ്പും ഇറിഗേഷൻ വകുപ്പും തമ്മിലുള്ള കൂടിയാലോചനകളുടെ കുറവ് കാർഷിക രംഗത്ത് ഇറിഗേഷൻ പദ്ധതികളുടെ പ്രയോറിറ്റി തീരുമാനിക്കുന്നതിൽ അപാകതകൾ ഉണ്ടാകാറുണ്ടെന്നുള്ളത് സർക്കാറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. കാർഷിക രംഗത്ത് പരസ്പര പൂരകങ്ങളായിരിക്കേണ്ട കാർഷിക വകുപ്പും ഇറിഗേഷൻ വകുപ്പും ചേർന്ന് കൊണ്ട് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ വ്യാപിപ്പിക്കുന്നതിനുള്ള കൂടിയാലോചനകൾ നടന്നു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി അനുയോജ്യമായ കൃഷി സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്ന നടപടികൾ രണ്ടു വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യ ത്തിലും ; കർഷകരുടെ കൃഷി സ്ഥലം വരെ ജലസേചനത്തിന് ആവശ്യമായ വെള്ളം എത്തിക്കുന്ന നടപടികൾ ഇറിഗേഷൻ വകുപ്പും; "കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ" കർഷകരുടെ കൃഷി സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടികൾ കൃഷി വകുപ്പുമാണ് സ്വീകരിക്കുന്നത്. പ്രസ്തുത പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMKSY - Per Drop More Crop - Micro Irrigation എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ രണ്ട് വകുപ്പുകളും കൂടിയാലോചിച്ചു കൊണ്ട് പദ്ധതികൾ തിരുമാനിക്കുന്ന രീതി അംബിക്കുന്നതിനു കാർഷിക വകുപ്പ് മുൻകൈയെടുക്കുമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. കാർഷിക രംഗത്ത് പരസ്പര പൂരകങ്ങളായിരിക്കേണ്ട കാർഷിക വകുപ്പും ഇറിഗേഷൻ വകുപ്പും ചേർന്ന് കൊണ്ട് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ വ്യാപിപ്പിക്കുന്നതിനുള്ള കൂടിയാലോചനകൾ നടന്നു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി അനുയോജ്യമായ കൃഷി സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്ന നടപടികൾ രണ്ടു വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യ ത്തിലും ; കർഷകരുടെ കൃഷി സ്ഥലം വരെ ജലസേചനത്തിന് ആവശ്യമായ വെള്ളം എത്തിക്കുന്ന നടപടികൾ ഇറിഗേഷൻ വകുപ്പും; "കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ" കർഷകരുടെ കൃഷി സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടികൾ കൃഷി വകുപ്പുമാണ് സ്വീകരിക്കുന്നത്. പ്രസ്തുത പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMKSY - Per Drop More Crop - Micro |

| | | | |
|---|---|---|---|
| | | | Irrigation എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ